# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## ഉത്തരവ്

---

നമ്പർ: 424/2013/സം.തി.ക. തിരുവനന്തപുരം, 2013 ഡിസംബർ, 2

---

തിരുവനന്തപുരം ജില്ലയിലെ ബി 02 പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിലെ 06 കുനനത്തുകാൽ നിയോജകമണ്ഡലത്തിലേയ്ക്ക് 2012 ജൂൺമാസം 20-ാം തീയതി നടന്ന ഉപതിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായിരുന്ന ശ്രീ. ഫ്രാൻസിസ് ജോസഫ് കൈവൻകാല, മേലേയിൽ പുത്തൻവീട് തിരഞ്ഞെടുപ്പ് ചെലവ് സംബന്ധിച്ച കണക്ക്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 86-ാം വകുപ്പും 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളും അനുശാസിക്കുന്ന വിധം കൃത്യസമയത്ത് നിശ്ചിതരീതിയിൽ, നിയമാനുസൃതം സമർപ്പിച്ചിട്ടില്ലായെന്ന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കുകയും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് പ്രസ്തുത കണക്കുകൾ നിശ്ചിത സമയത്തിനുള്ളിൽ നിയമാനുസൃതം സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് കമ്മീഷന് ബോധ്യപ്പെട്ടതിന്റേയും അടിസ്ഥാനത്തിൽ, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 33-ാം വകുപ്പനുസരിച്ച് അയോഗ്യതാ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് സമർപ്പിക്കാൻ മേൽപ്പറഞ്ഞ സ്ഥാനാർത്ഥിക്ക് കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 59(5) ചട്ടപ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ രേഖാമൂലം രജിസ്റ്റേർഡ് നോട്ടീസ് നൽകുകയും, ടിയാൻ കൈപ്പറ്റിയിട്ടുള്ളതുമാണ്. കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 59(6)-ാം ചട്ടം നിഷ്കർഷിച്ചിട്ടുള്ള പ്രകാരം 20 ദിവസത്തിനുള്ളിൽ യാതൊരു നിവേദനവും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിക്കാതിരിക്കുകയോ അല്ലെങ്കിൽ മേൽപ്പറഞ്ഞ വീഴ്ചയ്ക്ക്മതിയായകാരണമോ വിശദീകരണമോ ശ്രീ. ഫ്രാൻസിസ് ജോസഫ് നൽകിയിട്ടില്ലാത്തതുമാണ്.

ആയതിനാൽ, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 33 -ാം വകുപ്പനുസരിച്ച്, ശ്രീ. ഫ്രാൻസിസ് ജോസഫിനെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതിനോ അംഗം ആയിരിക്കുന്നതിനോ അയോഗ്യരാണെന്ന് പ്രഖ്യാപിക്കുന്നതോടൊപ്പം ടിയാൾക്ക് ഈ ഉത്തരവ് തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്ക് അയോഗ്യത ഉണ്ടായിരിക്കുന്നതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

**ഒപ്പ്**

**കെ. ശശിധരൻ നായർ**
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ